# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.37 07.08.2017 - ൽ മറുപടിക്ക്

**മതപരിവർത്തനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീ.പിണറായി വിജയൻ** (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മതപരിവർത്തനം നടത്തുന്നവർക്ക് പുതുതായി സ്വീകരിച്ച വിശ്വാസത്തിന്റെ ആധികാരിക സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (എ) | I. **ഹിന്ദു മത സംഘടനകൾ**<br>1. അഖില ഭാരത അയ്യപ്പ സേവാ സംഘം.<br>2. കേരള ഹിന്ദു മിഷൻ, തിരുവനന്തപുരം<br>3. ആൾ ഇന്ത്യാ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യ സമാജ്, കേരള ബ്രാഞ്ച്, തിരുവനന്തപുരം)<br>4. കാലിക്കറ്റ് ആര്യസമാജ്, ആര്യ സമാജ് മന്ദിർ, പുതിയറ പി.ഒ, കാലിക്കറ്റ്.<br>5. ശ്രീരാമദാസ മിഷൻ, യൂണിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം.<br>II. **മുസ്ലീം മത സംഘടനകൾ**<br>1. മൗനത്തുൽ ഇസ്ലാം അസോസിയേഷൻ, പൊന്നാനി, മലപ്പുറം.<br>2. തർബീയത്തുൽ ഇസ്ലാം സഭ, പി.കെ റോഡ്, മുഘാദർ, കോഴിക്കോട്.<br>III. **ബുദ്ധമത സംഘടന**<br>ചെയർമാൻ, ലോർഡ് ബുദ്ധ യൂണിവേഴ്സൽ സൊസൈറ്റി, ജലധാര, ഉള്ളൂർ, ഭാസി നഗർ, തിരുവനന്തപുരം - 695 011.<br>IV. ക്രിസ്തുമതത്തിലുള്ള പരിവർത്തനത്തിന് ക്രിസ്ത്യൻ ദേവാലയ സഭകളിൽ നിന്ന് ലഭിക്കുന്ന ആറു മാസത്തിനുള്ളിൽ നൽകിയിട്ടുള്ള ബാപ് റ്റിസം സർട്ടിഫിക്കറ്റ്. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ ഇതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; | (ബി) | ഹിന്ദു മതത്തിലേക്ക് പരിവർത്തനം നടത്തിയവർക്ക് 'എ' പിരിവിനുള്ള മറുപടിയിൽ വിവരിച്ചിട്ടുള്ള ഹിന്ദു മത സംഘടനകൾ സർട്ടിഫിക്കറ്റ് നൽകുന്നത് 15.12.1987 ലെ 18421/ഇ 2/87/പജപവവിവ |

നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും മുസ്ലീം മതത്തിലേക്ക് പരിവർത്തനം നടത്തിയവർക്ക് മുസ്ലീം മതസംഘടനകൾ സർട്ടിഫിക്കറ്റ് നൽകുന്നത് 30.10.04 ലെ ജി.ഒ (എം.എസ്) 75/2004/SCSTDD, 09.11.2004 ലെ ജി.ഒ(എം.എസ്) 80/2004/SCSTDD എന്നിവയുടെ അടിസ്ഥാനത്തിലും. ബുദ്ധമതത്തിലേക്ക് പരിവർത്തനം നടത്തിയവർക്ക് ബുദ്ധമത സംഘടന സർട്ടിഫിക്കറ്റ് നൽകുന്നത് 15.02.2008 ലെ ജി.ഒ(എം.എസ്) 23/2008/SCSTDD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ്. കേരള ഗസറ്റ് ഭാഗം IV ൽ പരസ്യങ്ങൾ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളിലാണ് മേല്പറഞ്ഞ ഉത്തരവുകളുടെ കാര്യം പ്രതിപാദിച്ചിരിക്കുന്നത്. ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനത്തിന് ക്രിസ്ത്യൻ ദേവാലയ സഭകളിൽ നിന്ന് ലഭിക്കുന്ന ആറുമാസത്തിനുള്ളിൽ നൽകിയിട്ടുള്ള ബാപ്റ്റിസം സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന കാര്യവും പ്രസ്തുത നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ അധികാരപ്പെട്ട സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് ഉള്ളവരെ ഗസറ്റ് നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് വില്ലേജാഫീസർ ചോദ്യം ചെയ്യുന്നത് ഒഴിവാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) ഇക്കാര്യത്തിൽ വില്ലേജധികാരികൾക്ക് പ്രത്യേക നിർദ്ദേശം നൽകുമോ?

(സി) & (ഡി) മതപരിവർത്തനം നടത്തിയവർക്ക് ഗസറ്റ് വിജ്ഞാപനത്തിനായി നൽകുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് കേരള ഗസറ്റ് ഭാഗം IV - ൽ പരസ്യങ്ങൾ നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന ഖണ്ഡിക 9 - ന് വിധേയമായി പ്രത്യേക ആവശ്യത്തിന് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് എന്ന നിലയിൽ എല്ലാ വില്ലേജ് ഓഫീസർമാരും നൽകേണ്ടതാണ് എന്ന് 30.11.2015 - ലെ 5116/റ്റി2/2015/ആർ.ഡി നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ